(സി) 2013 ലും 2014 ലും ജപ്പാനിലെ 'ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് '(JATA) ഫെയറിലും 2014 ജനുവരിയിൽ ഫിൻലാൻഡിലെ MATKA ട്രാവൽ ഫെയറിലും കേരളടൂറിസം പങ്കെടുക്കുകയും 2014-ൽ ഫിൻലാൻഡിലെ ഹെൽസിങ്കിയിലും ന്യൂസിലാൻഡിലെ ഓക്ക് ലാൻഡിലും റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു. 2015-ൽ I.T.B, Berlin, MITT Moscow, ATM Dubai എന്നീ ടൂറിസം ഫെയറുകളിലും പങ്കെടുക്കുന്നുണ്ട്. ഹെൽസിങ്കി, ഓസ്ലോ എന്നീ നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു TVoA സംവിധാനത്തിലുൾപ്പെടുന്ന മേൽപ്പറഞ്ഞ രാജ്യങ്ങളിലെ കേരള ടൂറിസത്തിന്റെ സജീവസാന്നിദ്ധ്യം TVoA യുടെ പ്രചാരണത്തിന് ഉപയോഗിക്കാൻ കഴിയുന്നുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി വിനോദ സഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സര പദ്ധതി വിജയകരമായി സംഘടിപ്പിച്ചു 12 രാജ്യങ്ങളിൽനിന്നും ഓൺലൈൻ സംവിധാനത്തിലൂടെ ഫോട്ടോഗ്രാഫി, പാചകം, ചരിത്രം, സംഗീതം തുടങ്ങിയ വിവിധ വിഷയങ്ങളിൽ താൽപ്പര്യമുള്ള വ്യത്യസ്ത ഗ്രൂപ്പുകൾ സൃഷ്ടിക്കുകയും ഫെയ്സ്ബുക്ക്, ട്വിറ്റർ, ഗൂഗിൾപ്ലസ് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ വോട്ടെടുപ്പ് വഴി '9' വിജയികളെ തെരഞ്ഞെടുക്കുകയും ഇവർക്ക് കേരളം കാണുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തു. 'കം-ടു-കേരള' പ്രോഗ്രാമിലൂടെ ലക്ഷക്കണക്കിന് ജനങ്ങളിൽ TVoA സംവിധാനത്തിന്റെ പ്രചാരണം നൽകുന്നതിന് സാധിച്ചു. കൂടാതെ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ TVoA സംവിധാനത്തിന്റെ മുഴുവൻ വിശദാംശങ്ങളും നൽകിയിട്ടുണ്ട്.

**ഭൂഗർഭ ജലം ഉപയോഗിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ**

**14 (*224)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) കടിവെള്ള ലഭ്യതയ്ക്ക് പ്രശ്നങ്ങളുള്ള പ്രദേശങ്ങളിൽ ഉപരിതല ജലസ്രോതസ്സുകൾ ലഭ്യമാകാതെവരുന്ന സാഹചര്യത്തിൽ ഭൂഗർഭ ജലസ്രോതസ്സിനെ ആശ്രയിച്ചുള്ള പദ്ധതികൾ നടപ്പിലാക്കി കടിവെള്ളം ഉറപ്പുവരുത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ, വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ, എം.പി.എൽ. എ.ഡി.. എം.എൽ.എ. എസ്.ഡി.എഫ്. എം.എൽ.എ. ആസ്തി വികസന ഫണ്ട്,പട്ടികജാതിപട്ടികവർഗ്ഗവികസന ഫണ്ട് മുതലായവ പ്രയോജനപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ടിനുപുറമെ എം.എൽ.എ. എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി. എ.ആർ.ഡബ്ല്യു.,എസ്.എസ്. ഡി.ആർ.ഡബ്ല്യു എന്നിവയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിക്കുന്ന തുക, തുതല പഞ്ചായത്തുകൾ/സർക്കാർ വകുപ്പുകൾ ഡപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗിച്ച് ഭൂജലവകുപ്പും ഇത്തരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ജലനിധി, ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ആരംഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ച പദ്ധതികളുടെയും പണി പുരോഗമിച്ചുവരുന്ന പദ്ധതികളുടെയും പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഭൂജലവകുപ്പ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ, 2002 മുതൽ നടപ്പിലാക്കി വരുന്നു. 2014-15 കാലയളവിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി എന്നിവയിലുൾപ്പെടുത്തി 8.5 കോടി രൂപ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് 14 ജില്ലകളിലായി 87 ചെറുകിട കുടിവെള്ള പദ്ധതികളും 53 ഹാൻഡ് പമ്പ് സ്കീം, 377 കുഴൽക്കിണർ/ട്യൂബ് വെൽ, 299 ഹാൻഡ് പമ്പ് സ്കീം എന്നിവ പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി രണ്ടാം ഘട്ട പദ്ധതിപ്രകാരം നിലവിൽ 103 ഗ്രാമപഞ്ചായത്തുകളിൽ ഭൂഗർഭജലമുപയോഗിച്ചുള്ള ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആദ്യ ബാച്ചിൽ ഉൾപ്പെട്ട 20 പഞ്ചായത്തുകളിൽ 438 ഉം, രണ്ടാം ബാച്ചിലെ 62 പഞ്ചായത്തുകളിൽ 1068 ഉം, ഭൂഗർഭജലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണുള്ളത്. ഇവയിൽ 576 പദ്ധതികൾ ഇതിനകം പ്രവർത്തന ക്ഷമമായിട്ടുണ്ട്. അവയിലൂടെ 33,037 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിവരുന്നു. മൂന്നാം ബാച്ചിലെ 21 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**പുതിയമദ്യനയവും വിനോദസഞ്ചാര മേഖലയും**

**15 (*225)** ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയം വിനോദസഞ്ചാരമേഖലയിൽ എന്തെങ്കിലും വിപരീത ഫലങ്ങൾ ഉണ്ടാക്കുമോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിനോദസഞ്ചാര താല്പര്യത്തിന് മദ്യവുമായുള്ള ബന്ധത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ & ബി) വിനോദ സഞ്ചാരവകുപ്പ് ഈ വിഷയം പ്രത്യേകമായി പരിശോധിച്ചിട്ടില്ല. എന്നാൽ പുതിയ മദ്യനയത്തിലെ വ്യവസ്ഥകൾ വിനോദസഞ്ചാര/ഹോട്ടൽ വ്യവസായം എന്നീ മേഖലകളിൽ വിപരീതഫലം ഉണ്ടാക്കിയിട്ടുണ്ടോ എന്നകാര്യം പഠന വിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 13-2-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 97/2015/നി.വ. പ്രകാരം ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനെ (GIFT) ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly